**കേരള സർക്കാർ**

സംഗ്രഹം

ത.സ്വ.ഭ.വ. - ശ്രീ.ഇ.പി.ജയരാജൻ എം.എൽ.എ. (മട്ടന്നൂർ) - 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 2068/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 21.06.2017

---

പരാമർശം - (1) 11.06.2012-ലെ 332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്

(2) ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ശ്രീ.ഇ.പി.ജയരാജൻ എം.എൽ.എ. നൽകിയ 07.04.2017 ലെ കത്ത്.

(3) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 10.05.2017 ലെ ഡിബി5/2263/17/സിഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

മട്ടന്നൂർ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.ഇ.പി.ജയരാജൻ എം.എൽ.എ. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിപ്രകാരം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. പരാമർശം 3 പ്രകാരം സമർപ്പിക്കുകയുണ്ടായി.

3. നിർദ്ദേശം, സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മട്ടന്നൂർ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. ഇ.പി.ജയരാജൻ എം.എൽ.എയുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൻ കീഴിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്കായി ആകെ അടങ്കൽ തുകയായ 1 കോടി രൂപ അനുവദിക്കുന്നതിനും വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും, പരാമർശം ഒന്നിലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(i) Project ID 2415 കള്ളുറോഡ് - ഉണ്ണിമുക്ക് -കീച്ചേരി റോഡ് റീടാറിംഗ് മട്ടന്നൂർ നഗരസഭ - 25 lakh.

(ii) Project ID 2416 മണ്ണൂർ-മുള്ള്യം-പെരിയച്ചൂർ റോഡ് നവീകരണം-മട്ടന്നൂർ നഗരസഭ -25 lakh

(iii) Project ID 2417 മഞ്ചു-കീച്ചേരി റോഡ് നവീകരണം-മട്ടന്നൂർ നഗരസഭ - 25 lakh.

(iv) Project ID 2899 കുംഭംമൂല — കോളാരി റോഡ് നവീകരണം-മട്ടന്നൂർ നഗരസഭ -25 lakh.

4. പ്രൊജക്റ്റ് സംബന്ധിച്ച ചെലവ് '4515-00-800-96" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.കെ.ജോസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

ശ്രീ.ഇ.പി.ജയരാജൻ എം.എൽ.എ., മട്ടന്നൂർ നിയോജക മണ്ഡലം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, മട്ടന്നൂർ നഗരസഭ.
ധനകാര്യ വകുപ്പ് (1123271/NC-C3/2016/Fin )
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.